പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3567 08.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ അന്തർസംസ്ഥാന സർവ്വീസുകൾ

ചോദ്യം | മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തമിഴ്‌നാടും കർണ്ണാടകവുമായി അടുത്തിടെ ഉണ്ടാക്കിയ കരാർ പ്രകാരം എത്ര അന്തർ സംസ്ഥാന സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. യ്ക്ക് ഈ സംസ്ഥാനങ്ങളിലേക്ക് നടത്തുവാൻ സാധിക്കുന്നത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ൽ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന ഗതാഗത കരാറിനും, 2019-ൽ തമിഴ്‌നാടുമായുള്ള പുതിയ അന്തർസംസ്ഥാന ഗതാഗത കരാറിനും രൂപം നൽകിയിട്ടുണ്ട്. 2016-ലെ കർണ്ണാടക അന്തർസംസ്ഥാന കരാർ പ്രകാരം 17 റൂട്ടുകളിലായി 84 ബസ്സുകൾ ഉപയോഗിച്ച് 169 ട്രിപ്പുകൾ സർവ്വീസ് ആരംഭിക്കുന്നതിനും, 2019-ലെ തമിഴ്‌നാടുമായുള്ള കരാർ പ്രകാരം 49 റൂട്ടുകളിലായി 88 ബസ്സുകൾ ഉപയോഗിച്ച് 121 ട്രിപ്പുകൾ സർവ്വീസ് ആരംഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിലും, വാരാന്ത്യ-വാരാദ്യ ദിവസങ്ങളിലും, വേനൽകാലത്തും പ്രത്യേക സർവ്വീസുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കരാർ പ്രകാരം ഇതിനകം എത്ര സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. രണ്ട് സംസ്ഥാനങ്ങളിലേക്കും നടത്തുന്നത്; അറിയിക്കുമോ; | (ബി) | 2016-ലെ കർണ്ണാടക സംസ്ഥാനവുമായുള്ള കരാർ വ്യവസ്ഥകൾ പ്രകാരം 61 ബസ്സുകൾ ഉപയോഗിച്ച് 115 ട്രിപ്പുകൾ / സർവ്വീസുകളും 2019-ലെ തമിഴ്‌നാടുമായുള്ള കരാർ പ്രകാരം 27 ബസ്സുകൾ ഉപയോഗിച്ച് 37 ട്രിപ്പുകൾ / സർവ്വീസുകൾ പുതുതായി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിലും, വാരാന്ത്യ-വാരാദ്യ ദിവസങ്ങളിലും, വേനൽകാലത്തും പ്രത്യേക സർവ്വീസുകളും നടത്തി വരുന്നു. |
| (സി) | കരാർ പ്രകാരം തമിഴ്‌നാടും കർണ്ണാടകയും കേരളത്തിലേക്ക് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി. സർവ്വീസ് പ്രസ്തുത സംസ്ഥാനങ്ങളിലേക്ക് ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത സംസ്ഥാനങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**